## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1961

05.12.2018 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല നിയമനങ്ങളിലെ സുതാര്യത

**ചോദ്യം**

ശ്രീ. പി.ടി. തോമസ്
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. എം. വിൻസെന്റ്

**ഉത്തരം**

പിണറായി വിജയൻ

മുഖ്യമന്ത്രി

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പ് വരുത്തുന്നതിനായി 15.10.2016 ലെ സ.ഉ.(പി) 45/2016/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് 13-12-2018 ലെ സ.ഉ(കൈ) 30/2018/ പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം പുനർരൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ മേൽ തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) ഉണ്ടെങ്കിൽ ഏതൊക്കെ നിയമനം സംബന്ധിച്ചാണ് ആക്ഷേപം ഉണ്ടായതെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. ടി. എഫ് സേവ്യറിന്റെ നിയമനം സംബന്ധിച്ച് വിജിലൻസ് സത്വരാന്വേഷണം നടത്തി പരാതി സാധൂകരിക്കാവുന്ന തെളിവുകളില്ലാത്ത തിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന നിയനങ്ങൾക്ക് എതിരെ ലഭിച്ച പരാതികളിൽ വിജിലൻസ് സത്വരാന്വേഷണം നടത്തിയിട്ടുണ്ട്.

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ശ്രീ. പി. കെ സുധീറിന്റെ എം.ഡി തസ്തികയിലെ നിയമനം.

2. കണ്ണൂരിലെ കേരള ക്ലേസ് ആൻഡ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിൽ ശ്രീമതി. ദീപ്തിയുടെ ജനറൽ മാനേജർ തസ്തികയിലെ നിയമനം.

3. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വനിതാ വികസന കോർപ്പറേഷനിൽ ശ്രീമതി. വി.സി. ബിന്ദുവിന്റെ എം.ഡി തസ്തികയിലെ നിയമനം.

4. സിഡ്കോയിൽ ശ്രീ. കെ.ബി ജയകുമാറിന്റെ എം.ഡി തസ്തികയിലെ നിയമനം.

5. കണ്ണൂരിലെ കേരള ക്ലേസ് ആൻഡ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിൽ ശ്രീ. അശോക് കുമാറിന്റെ എം.ഡി തസ്തികയിലെ നിയമനം.

6. കുണ്ടറ കേരള സിറാമിക്സ് ലിമിറ്റഡിൽ ശ്രീ. സതീശന്റെ എം.ഡി തസ്തികയിലെ നിയമനം.

7. ചവറയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ശ്രീ. റോയ് കുര്യന്റെ എം.ഡി തസ്തികയിലെ നിയമനം.

പ്രസ്തുത സത്വരാന്വേഷണത്തെ തുടർന്ന് കെ.എസ്.ഐ.ഇ മാനേജിംഗ് ഡയറക്ടർ ആയി ശ്രീ. പി.കെ സുധീറിനെ നിയമിച്ചതിലെ അഴിമതി സംബന്ധിച്ച് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും എന്നാൽ ബഹു. ഹൈക്കോടതി 29/09/2017-ലെ ഉത്തരവ് പ്രകാരം പ്രസ്തുത കേസിന്റെ FIR റദ്ദ് ചെയ്യുകയും ബഹു.എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് 06/11/2017-ന് കേസ് അവസാനിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| | കേസിന്റെ FIR കോടതി റദ്ദാക്കിയതിനാൽ മേൽ സൂചിപ്പിച്ച മറ്റ നിയമനങ്ങൾ സംബന്ധിച്ച സത്വരാന്വേഷണ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർ നടപടികൾ ആവശ്യമില്ലായെന്ന് 14/01/2019-ന് സർക്കാരിനെ വിജിലൻസ് അറിയിക്കുകയുണ്ടായി.<br>കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ സൗത്ത് ഇന്ത്യൻ ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ മാനേജർ ആയ ശ്രീ. അദീബ് കെ.ടി. യെ നിയമിക്കുകയും എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ 48-ാം മത് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. കെ.ടി. അദീബിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ടിയാന്റെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത് 16/11/2018-ലെ സ.ഉ.(സാധ) നം.7481/2018/പൊഭവ ഉത്തരവ് പ്രകാരം അദ്ദേഹത്തെ മാതൃസ്ഥാപനത്തിലേക്ക് തിരിച്ചയയ്ക്കുകയുമുണ്ടായി. |
| (ഡി) മേല്പറഞ്ഞ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഡി) സംസ്ഥാന സർക്കാരിനു കീഴിൽ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുനർരൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**